**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1976** **06-07-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പുകൾക്കുള്ള മൂലധനവും നിക്ഷേപവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനും അവയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിനും രൂപം നൽകിയ വിവിധ പദ്ധതികളുടെ വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ? | (എ) | സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനും അവയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിനും രൂപം നൽകിയ വിവിധ പദ്ധതികൾ സംസ്ഥാനത്തൊട്ടാ കെയാണ് നടപ്പിലാക്കുന്നത്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സീഡ് ഫണ്ട്: ലഘുവായ വ്യവസ്ഥകളിലും പലിശ നിരക്കിലും സ്റ്റാർട്ടപ്പുകൾക്ക് 15 (പതിനഞ്ച്) ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയിലൂടെ നാളിതുവരെ 11.82 കോടി രൂപ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>2. ഫണ്ട് ഓഫ് ഫണ്ട്: തിരഞ്ഞെടുക്കപ്പെട്ട ഏയ്ഞ്ചൽ ഫണ്ടുകളിൽ സർക്കാർ നിക്ഷേപം നടത്തി നിക്ഷേപത്തിന്റെ ഇരട്ടിയിൽ കുറയാത്ത തുക ഈ ഫണ്ടിംഗ് ഏജൻസികൾ മുഖാന്തിരം സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയിലൂടെ നാളിതുവരെ 78.18 കോടി രൂപ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപമായി ലഭ്യമാക്കിയിട്ടുണ്ട്. 2021-22 ലെ ബജറ്റിൽ ഇതിനകം വകയിരുത്തിയ 10.5 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. 2022-23 ലെ ബജറ്റിൽ ഇതിലേക്കായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>3. ഇന്നവേഷൻ ഗ്രാന്റ്: ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ്, സ്കെയിലപ് ഗ്രാന്റ്, ഗവേഷണ വികസന ഗ്രാന്റ് എന്നിവ ഉൾപ്പെട്ട ഇന്നവേഷൻ ഗ്രാന്റിലൂടെ സ്റ്റാർട്ടപ്പുകൾക്ക് നേരിട്ട് ധനസഹായം ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിലൂടെ 16.78 കോടി രൂപ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപമായി നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ